**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6620** **11-07-2024 - ൽ മറുപടിയ്ക്ക്**

**വാണിയമ്പലം ടൗൺ സ്ക്വയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വണ്ടൂർ നിയോജകമണ്ഡലത്തിലെ വാണിയമ്പലത്ത് ടൂറിസം വകുപ്പ് പ്രവൃത്തി പൂർത്തീകരിച്ച വാണിയമ്പലം ടൗൺ സ്ക്വയർ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കാമോ ; | (എ) | 10.01.2014 ലെ സ.ഉ (സാധാ) നം.318/2014/ ടൂറിസം പ്രകാരം, ഡെവലപ്പ്മെന്റ് ഓഫ് മാർക്കറ്റ് സ്ട്രീറ്റ് പ്ലേയ്സ് അറ്റ് വണ്ടൂർ, വാണിയമ്പലം, മലപ്പുറം എന്ന പദ്ധതിയ്ക്ക് 4,50,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വണ്ടൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താണ് പദ്ധതി പ്രദേശം. പ്രസ്തുത പദ്ധതി സംസ്ഥാന നിർമ്മിതി കേന്ദ്ര മുഖേന പൂർത്തീകരിച്ച് മലപ്പുറം ഡിറ്റിപിസിക്ക് കൈമാറുകയും ചെയ്തിട്ടുള്ളതാണ്.<br><br>മലപ്പുറം ഡിറ്റിപിസിയും വണ്ടൂർ ഗ്രാമപഞ്ചായത്തും തമ്മിൽ റവന്യൂ ഷെയറിംഗ് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടതിനു ശേഷം പ്രസ്തുത പദ്ധതി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതാണ്. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രസ്തുത ടൗൺ സ്ക്വയർ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | 10.01.2014 ലെ സ.ഉ (സാധാ) നം.318/2014/ ടൂറിസം പ്രകാരം, ഡെവലപ്പ്മെന്റ് ഓഫ് മാർക്കറ്റ് സ്ട്രീറ്റ് പ്ലേയ്സ് അറ്റ് വണ്ടൂർ, വാണിയമ്പലം, മലപ്പുറം എന്ന പദ്ധതിയ്ക്ക് 4,50,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വണ്ടൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താണ് പദ്ധതി പ്രദേശം. പ്രസ്തുത പദ്ധതി സംസ്ഥാന നിർമ്മിതി കേന്ദ്ര മുഖേന പൂർത്തീകരിച്ച് മലപ്പുറം ഡിറ്റിപിസിക്ക് കൈമാറുകയും ചെയ്തിട്ടുള്ളതാണ്.<br><br>മലപ്പുറം ഡിറ്റിപിസിയും വണ്ടൂർ ഗ്രാമപഞ്ചായത്തും തമ്മിൽ റവന്യൂ ഷെയറിംഗ് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടതിനു ശേഷം പ്രസ്തുത പദ്ധതി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ